സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ള 445 മീ. നീളമുള്ള കനാലിലൂടെ വെള്ളം ഒഴുകിയിരുന്നത്. ഈ കനാലിന്റെ വീതി പാറക്കെട്ടുള്ള കുറച്ചുഭാഗത്ത് 60 സെ. മീറ്ററും പാറക്കെട്ടില്ലാത്തിടത്ത് ഒന്നര മുതൽ രണ്ടു മീറ്ററുമാണ്. അന്തർ സംസ്ഥാന അതിർത്തിയിലൂടെയുള്ള കുക്കുറിശിയാംപള്ളം അരുവിയിൽ കെട്ടിയ ചെക്ക് ഡാം ഭാഗികമായി പൊളിച്ചുവിട്ടിട്ടുള്ളതിനാലും കനാലിലേക്ക് നീരൊഴുക്ക് ആരംഭിക്കുന്നിടത്ത് കല്ലുകളിട്ട് അടച്ചിട്ടുള്ളതിനാലും ഇപ്പോൾ കനാലിലൂടെ തമിഴ്നാട്ടിലേക്ക് വെള്ളം ഒഴുകുന്നില്ല.

പ്രായോഗികമായി, ഈ സ്ഥലം ദൈനംദിന നിരീക്ഷണത്തിന് വിധേയമാക്കുക പ്രയാസകരമാണ്. അന്തർ സംസ്ഥാന വിഷയമായതിനാൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

വനം വകുപ്പിന്റെ മ്യൂസിയങ്ങൾ

122 [405] ശ്രീ. പി. ടി. തോമസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

,, ഇ. എം. അഗസ്തി :

,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിന് എവിടെയെല്ലാം മ്യൂസിയങ്ങളുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം വിധത്തിലുള്ള വസ്തുക്കൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രദർശനവസ്തുക്കൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തുള്ള മ്യൂസിയത്തിൽ കഴിഞ്ഞ വർഷം എത്ര സന്ദർശകരെത്തി എന്നു പറയാമോ;

(ഇ) ഈ മ്യൂസിയം സൂക്ഷിക്കുന്നതിനെത്ര സ്റ്റാഫുണ്ട്; അവർ മ്യൂസിയം സൂക്ഷിക്കുന്നതിന് എന്തെല്ലാം പ്രത്യേക യോഗ്യത നേടിയിട്ടുണ്ട് എന്നും അവർക്കു വേണ്ടി പ്രതിവർഷം എന്ത് തുക ചെലവാകുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) വനംവകുപ്പിന് തിരുവനന്തപുരത്ത് മാത്രം ഒരു മ്യൂസിയമുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) മ്യൂസിയം പ്രവർത്തനക്ഷമല്ലാത്തതിനാൽ സന്ദർശകരെ അനുവദിക്കുന്നതല്ല.

(ഇ) മ്യൂസിയത്തിന്റെ ചാർജ്ജുള്ള ക്യൂറേറ്റർ, ഒരു അറ്റന്റർ എന്നിവരാണ് ഉള്ളത്. ക്യൂറേറ്റർക്ക് വനശാസ്ത്രത്തിൽ പരിശീലനം ഉണ്ട്. മറ്റ് പ്രത്യേക യോഗ്യതയൊന്നുമില്ല. ടി തസ്തികകൾ രണ്ടിനും കൂടി പ്രതിവർഷം ഉദ്ദേശം 1.5 ലക്ഷം രൂപ ചെലവാകുന്നുണ്ട്.

പൊൻമുടിയിലെ വരയാടുകളുടെ സംരക്ഷണം

123 [406] ശ്രീ. അടൂർ പ്രകാശ് :

,, മഞ്ഞളാംകുഴി അലി :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, എഴുകോൺ നാരായണൻ :

പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയെല്ലാം വരയാട് സംരക്ഷണ കേന്ദ്രങ്ങളുണ്ട്;

(ബി) പൊൻമുടി വനങ്ങളിൽ വരയാട് സങ്കേതങ്ങൾ കാണപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവയെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഡി) ഇവിടുത്തെ വരയാടുകളുടെ എണ്ണം വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്യുന്നത്;

(ഇ) വരയാടുകളുടെ രക്ഷയ്ക്കായി പൊൻമുടി പ്രദേശത്തെ സംരക്ഷിത പ്രദേശമായി പ്രഖ്യാപിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വരയാടുകളുടെ സംരക്ഷണത്തിനായി മൂന്നാറിനടുത്തുള്ള ഇരവികുളം കേന്ദ്രീകരിച്ച് ഒരു ദേശീയോദ്യാനം നിലവിലുണ്ട്.

(ബി) പാലോട് റെയിഞ്ച് അതിർത്തിയിലെ പൊൻമുടി, വരയാടുമൊട്ട എന്നീ സ്ഥലങ്ങളിലാണ് അപൂർവമായി വരയാടുകളെ കാണാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly